## പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 129 | 04.06.2018-ൽ മറുപടിക്ക് |
|---|---|

### റൂറൽ ടൈഗർ ഫോഴ്സ്

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | എറണാകുളം റൂറൽ എസ്.പി.യുടെ കീഴിൽ റൂറൽ ടൈഗർ ഫോഴ്സ് (RTF) രൂപീകരിച്ചത് സർക്കാർ അനുമതിയോടുകൂടിയാണോ എന്നതിന്റെ വിശദവിവരം നൽകുമോ; | (എ)<br>(ബി)<br>&<br>(സി) | ടൈഗർ ഫോഴ്സ് എന്ന പേരിൽ ഔദ്യോഗികമായി ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നു വരുന്നു. നിലവിൽ ഇത്തരത്തിലുള്ള സ്ക്വാഡ് പ്രവർത്തിച്ചുവരുന്നില്ല. എന്നാൽ മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിനും, മയക്കുമരുന്ന് കടത്തുന്നവരെ കണ്ടെത്തുന്നതിനുമായി ജില്ലാ ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡൻസാഫ്) രൂപീകരിച്ചിട്ടുള്ളതും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്പെഷ്യൽ ജുവനൈൽ യൂണിറ്റ് തുടങ്ങിയ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ഇപ്രകാരമുള്ള സേനകൾ ജില്ലാ പോലീസ് മേധാവികളുടേയും സിറ്റി പോലീസ് കമ്മീഷണർമാരുടേയും കീഴിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | | |
| (സി) | സർക്കാർ അനുമതിയില്ലാതെ ഇങ്ങനെയുള്ള സേനകൾ രൂപീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ